2.	സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡ്	നിശ്ചിത വർഷത്തെ സേവനവും വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് അപേക്ഷയും ബോർഡ് തീരുമാനവും വഴിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ഇ) കേരള സഹകരണ ഡെവലപ്മെന്റ് ബോർഡിലെ ഒരു സീറ്റിലേയും സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡിലെ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന 4 പേരെയും സ്ഥിരപ്പെടുത്തുന്നതിനുള്ള അപേക്ഷ പരിശോധനയിലാണ്.

സഹകരണ സ്ഥാപനങ്ങളിലെ നിയമനരീതി

107 (6558) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ദേവസ്വവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണവകുപ്പിന്റെ നിയന്ത്രണത്തിലുള്ള പെൻഷൻ ബോർഡ്, വെൽഫെയർ ഫണ്ട് ബോർഡ്, ഗ്യാരന്റി ഫണ്ട് ബോർഡ്, സഹകരണ എക്സാമിനേഷൻ ബോർഡ് എന്നീ സ്ഥാപനങ്ങളിലെ നിയമനരീതി എങ്ങനെ ആണെന്ന് വിശദമാക്കുമോ ;

(ബി) ഓരോ സ്ഥാപനത്തിലെയും ഓരോ തസ്തികയിലേക്കുള്ള നിയമനത്തിനുള്ള മാനദണ്ഡങ്ങളും യോഗ്യതകളും വിശദീകരിക്കുമോ ;

(സി) ഇതിൽ ഏതെല്ലാം ബോർഡുകളിലെ ഏതെല്ലാം തസ്തികകളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുതസ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുതസ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുവാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) പ്രസ്തുത സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതുസംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സഹകരണവകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിവിധ ബോർഡുകളിലെ നിയമനരീതി ചുവടെ പ്രതിപാദിക്കും വിധമാണ് :

LIBRARY ARCHIVES Kerala Legislative Assembly

തസ്തിക		നിയമനരീതി	യോഗ്യത
(1)	(2)	(3)	(4)
1.	കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡ്	(a) സെക്രട്ടറി	സഹകരണ വകുപ്പിന്റെ അഡീഷണൽ രജിസ്ട്രാർ തസ്തികയിൽനിന്നും ഡെപ്യൂട്ടേഷൻ
		(b) മാനേജർ	പെൻഷൻ ബോർഡ് സൂപ്രണ്ട് തസ്തികയിൽനിന്നും പ്രൊമോഷൻ/ ഡെപ്യൂട്ടേഷൻവഴി അസിസ്റ്റന്റ് രജിസ്ട്രാർ, സഹകരണ വകുപ്പ്
		(c) ലോ ഓഫീസർ	നേരിട്ടുള്ളനിയമനം
		(d) പി.ആർ.ഒ. മസ്റ്ററിംഗ് ആഫീസർ	നേരിട്ടുള്ള നിയമനം
		(e) സൂപ്രണ്ട്	പെൻഷൻ ഫണ്ട് ഇൻസ്പെക്ടർ തസ്തികയിൽനിന്നും കുറഞ്ഞത് ഒരു വർഷം എങ്കിലും സേവനമുള്ള ജീവനക്കാരെ പ്രൊമോഷൻ മുഖേന നിയമിക്കുന്നു.
		(f) പെൻഷൻ ഫണ്ട് ഇൻസ്പെക്ടർ	നേരിട്ടുള്ള നിയമനം/ എൽ.ഡി.ക്ലാർക്ക് തസ്തികയിൽനിന്നും കുറഞ്ഞത് രണ്ടുവർഷം എങ്കിലും സേവനമുള്ള ജീവനക്കാരെ പ്രൊമോഷൻ മുഖേന നിയമിക്കുന്നു.
		(g) എൽ.ഡി. ക്ലാർക്ക്	നേരിട്ടുള്ള നിയമനം

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
	(h) എൽ. ഡി. ടൈപ്പിസ്റ്റ്	നേരിട്ടുള്ള നിയമനം	എസ്.എസ്. എൽ.സി. പാസ്സ്, ടൈപ്പ് റൈറ്റിംഗ് (ലോവർ) ഇംഗ്ലീഷ് &മലയാളം
	(i) ഡേറ്റാ എൻട്രി ഓപ്പറേറ്റർ	നേരിട്ടുള്ള നിയമനം	എസ്.എസ്. എൽ.സി. പാസ്സ്& കമ്പ്യൂട്ടർ പരിജ്ഞാനം
	(j) ഡ്രൈവർ	നേരിട്ടുള്ള നിയമനം	ഏഴാം ക്ലാസ് പാസ്സ്, എൽ.എം.വി ഡ്രൈവിംഗ് ലൈസൻസ്
	(k) അറ്റൻഡർ	നേരിട്ടുള്ള നിയമനം	ഏഴാം ക്ലാസ് പാസ്സ്
	(l) പാർട്ട്ടൈം സ്വീപ്പർ	നേരിട്ടുള്ള നിയമനം	സാക്ഷരത
2. കേരള കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് & റെൽഫെയർ ഫണ്ട് ബോർഡ്	(a) സെക്രട്ടറി	സഹകരണ വകുപ്പിൽനിന്നും ജോയിന്റ് രജിസ്ട്രാർ തസ്തികയിൽ ഡെപ്യൂട്ടേഷൻ	
	(b) മാനേജർ	സഹകരണ വകുപ്പിൽനിന്നും അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിൽ ഡെപ്യൂട്ടേഷൻ	

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
	(c) അസിസ്റ്റന്റ് മാനേജർ	നേരിട്ടുള്ള നിയമനം/ ഉദ്യോഗക്കയറ്റം	അംഗീകൃത സർവ്വകലാശാല ബിരുദം/ എച്ച്.ഡി.സി./ ജെ.ഡി.സി./ ബിഎസ്.സി. ബാങ്കിംഗ് കോ-ഓപ്പറേഷൻ അല്ലെങ്കിൽ തത്തുല്യം കൂടാതെ 6 മാസത്തിൽ കുറയാത്ത കമ്പ്യൂട്ടർ കോഴ്സും പാസ്സായിരിക്കണം.
	(d) അക്കൗണ്ടന്റ്	നേരിട്ടുള്ള ഉദ്യോഗക്കയറ്റം	അംഗീകൃത സർവ്വകലാശാല ബിരുദം, എച്ച്.ഡി.സി. കൂടാതെ 6 മാസത്തിൽ കുറയാത്ത അംഗീകൃത കമ്പ്യൂട്ടർ കോഴ്സും പാസ്സായിരിക്കണം.
	(e) എൽ.ഡി. ക്ലാർക്ക്/ ജൂനിയർ ക്ലാർക്ക്	നേരിട്ടുള്ള നിയമനം/ /ഉദ്യോഗക്കയറ്റം	അംഗീകൃത സർവ്വകലാശാല ബിരുദം എച്ച്.ഡി.സി./ /ജെ.ഡി.സി. /ബിഎസ്.സി. ബാങ്കിംഗ് കോ-ഓപ്പറേഷൻ

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
			അല്ലെങ്കിൽ തത്തുല്യം. കൂടാതെ 6 മാസത്തിൽ കുറയാത്ത അംഗീകൃത കമ്പ്യൂട്ടർ കോഴ്സും പാസ്സായിരിക്കണം.
	(f) അറ്റൻഡർ	നേരിട്ടുള്ള നിയമനം/ ഉദ്യോഗക്കയറ്റം	7-ാംക്ലാസ് പാസ്സായിരിക്കണം.
	(g) പ്യൂൺ	നേരിട്ടുള്ള നിയമനം	7-ാംക്ലാസ് പാസ്സായിരിക്കണം.
	(h) ഡ്രൈവർ	നേരിട്ടുള്ള നിയമനം	ഏഴാംക്ലാസ് പാസ്സായിരിക്കണം, എൽ.എം.വി. ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.
	(i) സ്വീപ്പർ	നേരിട്ടുള്ള നിയമനം	4-ാംക്ലാസ് പാസ്സായിരിക്കണം
3. കേരള സഹകരണ ഗ്യാരന്റി ഫണ്ട് ബോർഡ്	(a) സെക്രട്ടറി	സഹകരണ വകുപ്പിൽ നിന്നും ജോയിന്റ് രജിസ്ട്രാർ തസ്തികയിൽ ഡെപ്യൂട്ടേഷൻ	...
4. സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡ്	(a) ഡ്രൈവർ ഗ്രേഡ് II	നേരിട്ടുള്ള നിയമനം	ഏഴാംക്ലാസ് പാസ്സ്, 3 വർഷത്തെ എൽ.എം.വി. ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവേഴ്സ് ബാഡ്ജ്.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
	(b) അറ്റൻഡർ	നേരിട്ടുള്ള നിയമനം	ഏഴാംക്ലാസ് പാസ്സ്
	(c) പാർട്ട്ടൈം സ്വീപ്പർ	നേരിട്ടുള്ള നിയമനം	സാക്ഷരത

(സി) നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയല്ല നടത്തപ്പെടുന്നത്.

(ഡി) പുതിയതായി ആരംഭിച്ചതുൾപ്പെടെയുള്ള പ്രസ്തുത സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനായി നിലവിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

(ഇ&എഫ്) ഇപ്പോൾ പരിഗണനയിലില്ല.

പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിൽ താൽക്കാലിക നിയമനം ലഭിച്ചവർ

108 (6559) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിൽ നൈറ്റ് വാച്ചർ, സെക്യൂരിറ്റി തസ്തികകളിൽ കഴിഞ്ഞ ബാങ്ക് ഭരണ സമിതിയുടെ കാലത്ത് എത്ര പേർക്കാണ് താല്ക്കാലിക നിയമനം നൽകിയത് ; ഇവരിൽ എത്രപേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട് ;

(ബി) കഴിഞ്ഞ ഭരണസമിതി അറ്റൻഡർമാരെയും സ്വീപ്പർമാരെയും നിയമിച്ചിരുന്നോ ; ഇവരിൽ എത്രപേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട് ;

(സി) സെക്യൂരിറ്റികളുടെയും വാച്ചർമാരുടെയും നിയമന സമയത്തെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണ് ; ഇപ്പോൾ അവർക്ക് എത്ര രൂപയാണ് വേതനമായി നൽകി വരുന്നത് ;

(ഡി) ഈ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും 2011 ഡിസംബർ മുതൽ പിടിച്ചുതുടങ്ങിയ പി.എഫ്. വിഹിതം ഏതുമാസം വരെ പിടിച്ചു ; ഈ തീയതിക്കുശേഷം പി.എഫ് പിടിക്കാതിരുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) ധനകാര്യ വകുപ്പിന്റെ 2-5-2011-ലെ ജി.ഒ.(പി) നമ്പർ 204/2011 പ്രകാരം സെക്യൂരിറ്റി/നൈറ്റ് വാച്ചർമാർ ഉൾപ്പെടെയുള്ളവർക്ക് ദിവസവേതനം 200 രൂപയിൽ നിന്നും 350 രൂപയാക്കി ഉയർത്തിയിട്ടും പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിൽ മാത്രം ഇത് വർദ്ധിപ്പിച്ച് നൽകാതിരിക്കുന്നതിന്റെ കാരണം എന്താണ് ;

(എഫ്) ഇവരുടെ നിയമനം സ്ഥിരമാക്കുകയോ ഉയർത്തിയ ദിവസവേതനം നൽകുകയോ ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly